# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4558. — 26.10.2016 ലെ മറുപടിയ്ക്ക്.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

**ചോദ്യം**

**ശ്രീ. യു. ആർ.പ്രദീപ്.**

**ഉത്തരം**

**ശ്രീ. എ. കെ. ബാലൻ**

പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സ്വാശ്രയകോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് പട്ടികജാതി വകുപ്പിൽ നിന്നും നൽകി വരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ; | (എ) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ സർക്കാർ മെറിറ്റ് / റിസർവേഷൻ സീറ്റുകളിൽ പ്രവേശനം നേടി പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു വരുന്നുണ്ട്.<br>1. ലംപ്സം ഗ്രാന്റ്<br>2. സ്റ്റൈപ്പന്റ്/ എ ബി എൽ സി (Actual Boarding and Lodging Charges)<br>3. റ്റ്യൂഷൻ ഫീസ്<br>4. സ്പെഷ്യൽ ഫീസ്<br>5. പരീക്ഷാഫീസ്.<br><br>സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് മേൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നില്ല.<br>എന്നാൽ അംഗീകൃത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന 2 ½ ലക്ഷം രൂപ യിൽ താഴെ കുടുംബവാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. |
| (ബി) | 2016 – 17 വർഷം എത്ര രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ . ? | (ബി) | സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിനായി 2016 – 17 വർഷം വകയിരുത്തിയ 260 കോടി രൂപയിൽ നിന്നുമാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ